**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **27-01-2026 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അമൃത് (അടൽ മിഷൻ ഫോർ റെജുവെനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ) പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അമൃത് പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി 2379.69 കോടി രൂപയുടെ 1106 പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. അഞ്ച് സെക്ടറുകളിലായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ ജലവിതരണ സെക്ടറിൽ ഉൾപ്പെടുത്തി 1454.20 കോടി രൂപയുടെ 216 പദ്ധതികളും, സിവേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ ഉൾപ്പെടുത്തി 349.75 കോടി രൂപയുടെ 151 പദ്ധതികളും, സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഉൾപ്പെടുത്തി 340.51 കോടി രൂപയുടെ 535 പദ്ധതികളും, അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി 188.89 കോടി രൂപയുടെ 126 പദ്ധതികളും, പാർക്ക് & ഓപ്പൺ സ്പെയ്സ് സെക്ടറിൽ ഉൾപ്പെടുത്തി 46.34 കോടി രൂപയുടെ 78 പദ്ധതികളുമാണ് ഉള്ളത്. |
| (ബി) | രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | അമൃത് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 3435.31 കോടി രൂപയുടെ 940 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 2205.70 കോടി രൂപയുടെ 418 ജലവിതരണ പദ്ധതികളും 1061.09 കോടി രൂപയുടെ 68 സെപ്റ്റേജ് & സിവറേജ് പദ്ധതികളും, 132.98 കോടി രൂപയുടെ 384 ജലാശയ പുനരുദ്ധാരണ പദ്ധതികളും 35.54 കോടി രൂപയുടെ 70 പാർക്ക് നവീകരണ പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ 248 പദ്ധതികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമാണെന്ന് | (സി) | അമൃത് ഒന്നാം ഘട്ടം: കേന്ദ്ര വിഹിതം 1153.08 കോടി രൂപ, സംസ്ഥാന + നഗരസഭാ വിഹിതം: |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | 1226.61 കോടി രൂപ (ടെണ്ടർ എക്സസ് ഉൾപ്പെടെ)<br><br>അമൃത് രണ്ടാം ഘട്ടം: കേന്ദ്ര വിഹിതം 1372 കോടി രൂപ, സംസ്ഥാന + നഗരസഭാ വിഹിതം 2063.31 കോടി രൂപ. (ടെണ്ടർ എക്സസ് ഉൾപ്പെടെ) |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | അമൃത് ഒന്നാം ഘട്ടത്തിൽ 1066 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. (ജലവിതരണ സെക്ടറിൽ 204 പദ്ധതികളും, സ്വീവറേജ് & സെപ്റ്റേജ് സെക്ടറിൽ 134 പദ്ധതികളും, സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 527 പദ്ധതികളും, അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 123 പദ്ധതികളും, പാർക്ക് സെക്ടറിൽ 78 പദ്ധതികളുമാണ് പൂർത്തീകരിച്ചിട്ടുള്ളത്).<br><br>അമൃത് രണ്ടാം ഘട്ടത്തിൽ 248 പദ്ധതികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. (ജലവിതരണ സെക്ടറിൽ 116 പദ്ധതികളും, സ്വീവറേജ് & സെപ്റ്റേജ് സെക്ടറിൽ 19 പദ്ധതികളും, ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിൽ 113 പദ്ധതികളുമാണ് പൂർത്തീകരിച്ചിട്ടുള്ളത്.) |
| (ഇ) | ഇനിയും പൂർത്തിയാക്കാനുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (ഇ) | അമൃത് ഒന്നാം ഘട്ടത്തിൽ 40 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. ( ജലവിതരണ സെക്ടറിൽ 12 പദ്ധതികളും, സ്വീവറേജ് & സെപ്റ്റേജ് സെക്ടറിൽ 17 പദ്ധതികളും, സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 8 പദ്ധതികളും, അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 3 പദ്ധതികളുമാണ് പൂർത്തീകരിക്കാനുള്ളത് ).<br><br>അമൃത് രണ്ടാം ഘട്ടത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള 692 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ( ജലവിതരണ സെക്ടറിൽ 302 പദ്ധതികളും, സ്വീവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 49 പദ്ധതികളും, ജലാശയങ്ങളുടെ പുനരുദ്ധാരണ സെക്ടറിൽ 271 പദ്ധതികളും, പാർക്ക് സെക്ടറിൽ 70 പദ്ധതികളുമാണ് പൂർത്തീകരിക്കാനുള്ളത് ). കൂടാതെ ജലവിതരണ സെക്ടറിൽ 10 പദ്ധതികൾ, സ്വീവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 3 പദ്ധതികൾ, പാർക്ക് സെക്ടറിൽ 3 പദ്ധതികൾ എന്നിവയ്ക്ക് ഭരണാനുമതി നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ